CATHOLIC
SYRO-MALABAR
EPARCHY OF
GREAT BRITAIN

BISHOP'S OFFICE, 141, PARKFIELD ROAD,
SALTLEY, BIRMINGHAM, B8 3BB.
www.eparchyofgreatbritain.org | chancery@csmegb.org
+44 1772 587 186
@csmegb @Csmegb @eparchyofgb

**30 March 2025**

# ഉർഹ 2025

## ആദ്ധ്യാത്മികതയെക്കുറിച്ചുള്ള എപ്പാർക്കിയൽ കുടുംബക്വിസ്

## യൂണിറ്റുതല മത്സരത്തിനുള്ള 100 ചോദ്യങ്ങൾ

1. ചോ: അറമായ ഭാഷയുടെ ഒരു പ്രാദേശിക ഭാഷാഭേദമായി സുറിയാനി ഭാഷ ഉത്ഭവിച്ചത് എവിടെ നിന്നാണ്?

   ഉ: എദ്ദേസയിൽ നിന്ന്

6. ചോ: പൗരസ്ത്യ അറമായ ഭാഷാഭേദത്തിന്റെ മൂന്ന് പ്രധാന ശാഖകൾ ഏതൊക്കെയാണ്?

   ഉ: സുറിയാനി; ബാബിലോണിയൻ തൽമൂദിന്റെ ഭാഷ; മൻദായ്ക്ക്

7. ചോ: മൂന്നാമത്തെ സാർവത്രിക സൂനഹദോസായ എഫേസൂസ് സൂനഹദോസ് നടന്നത് ഏത് വർഷമാണ്?

   ഉ: എ. ഡി 431-ൽ

12. ചോ: മിശിഹാവിജ്ഞാനീയവുമായി ബന്ധപ്പെട്ട് അഞ്ചാം നൂറ്റാണ്ടിൽ ഉണ്ടായ വിവാദങ്ങളുടെ ഫലമായി, സുറിയാനി സംസാരിക്കുന്ന ക്രൈസ്തവസഭകൾ എത്ര വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു?

    ഉ: മൂന്ന്

13. ചോ: മിശിഹാവിജ്ഞാനീയവുമായി ബന്ധപ്പെട്ട് അഞ്ചാം നൂറ്റാണ്ടിൽ ഉണ്ടായ വിവാദങ്ങളുടെ ഫലമായി, സുറിയാനി സംസാരിക്കുന്ന ക്രൈസ്തവസഭകൾ ഏതൊക്കെ മൂന്ന് വിഭാഗങ്ങളായാണ് വിഭജിക്കപ്പെട്ടത്?

    ഉ: 1) കിഴക്കിന്റെ സഭ (Church of the East); 2) കാൽസിഡോൺ സൂനഹദോസിന്റെ (451) മിശിഹാവിജ്ഞാനീയ നിർവചനത്തെ അംഗീകരിച്ചവർ; 3) സുറിയാനി ഓർത്തഡോക്സ് സഭ.

14. ചോ: അഞ്ചാം നൂറ്റാണ്ടിൽ കിഴക്കിന്റെ സഭ (Church of the East) പ്രധാനമായും എവിടെയാണ് നിലനിന്നിരുന്നത്?

    ഉ: പേർഷ്യൻ സാമ്രാജ്യത്തിൽ

20. ചോ: ആദ്യ നൂറ്റാണ്ടുകളിൽ റോമൻ സാമ്രാജ്യത്തിലെ ഏതൊക്ക അഞ്ച് പ്രദേശങ്ങളാണ് സുറിയാനി സാഹിത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നത്?

    ഉ: എദ്ദേസ; നിസിബിസ് (എ.ഡി 363 വരെ); സേറൂഗ്, ആമിദ്, മാബൂഗ് തുടങ്ങിയ സ്ഥലങ്ങൾ

22. ചോ: സുറിയാനിയിലേക്ക് പ്ശീത്ത പഴയ നിയമം വിവർത്തനം ചെയ്യപ്പെട്ടത് ഏത് ഭാഷയിൽ നിന്നാണ്?

ഉ: ഹീബ്രു ഭാഷയിൽ നിന്ന്

24. ചോ: ആരാണ് ദിയാത്തെസറോണിന്റെ (Diatessaron) രചയിതാവായി കണക്കാക്കപ്പെടുന്നത്?

ഉ: താഷിയാൻ

30. ചോ: തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം വിവരിക്കുന്ന രണ്ട് പുരാതന അപ്രമാണികഗ്രന്ഥങ്ങൾ (Apocryphal literature) ഏതൊക്കെയാണ്?

ഉ: തോമ്മായുടെ സുവിശേഷവും (The Gospel of Thomas) യൂദാ തോമ്മായുടെ നടപടികളും (The Acts of Judas Thomas)

31. ചോ: തോമ്മായുടെ സുവിശേഷം (The Gospel of Thomas) എന്ന്, എവിടെവച്ചാണ് എഴുതപ്പെട്ടത്?

ഉ: രണ്ടാം നൂറ്റാണ്ടിൽ സിറിയയിൽ വച്ച്

34. ചോ: യൂദാ തോമ്മയുടെ നടപടികളുടെ (The Acts of Judas Thomas) ഒന്നുമുതൽ ആറുവരെ അദ്ധ്യായങ്ങളിൽ ഏതെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

ഉ: മാർ തോമ്മാശ്ളീഹ ഉത്തരേന്ത്യയിൽ ചിലവഴിച്ച കാലം, ഗുണ്ടഫർ രാജാവിൻ്റെ മതപരിവർത്തനം തുടങ്ങിയ വിഷയങ്ങൾ.

35. ചോ: യൂദാ തോമ്മാശ്ലീഹായ്ക്ക് എവിടെവച്ച് നേരിടേണ്ടിവന്ന കാര്യങ്ങളാണ് യൂദാ തോമ്മായുടെ നടപടികളിലെ (The Acts of Judas Thomas) ഏഴുമുതൽ പതിമൂന്നുവരേയും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെപറ്റി പ്രതിപാദിക്കുന്ന പതിന്നാലാം അദ്ധ്യായത്തിലും പരാമർശിക്കുന്നത്?

ഉ: മാർ തോമ്മാശ്ലീഹായ്ക്ക് മസ്ദായ് രാജാവിന്റെ കൊട്ടാരത്തിൽവച്ചുണ്ടായ അനുഭവങ്ങൾ.

39. ചോ: സുറിയാനി സഭകളിൽ പേർഷ്യൻ സന്യാസി എന്നറിയപ്പെടുന്ന ഗ്രന്ഥകാരൻ ആരാണ്?

ഉ: അഫ്രഹാത്ത്

41. ചോ: സുറിയാനി സാഹിത്യത്തിൽ ഇന്നു നിലനില്ക്കുന്നതിൽ ഏറ്റവും ആദ്യത്തേതെന്ന് കരുതപ്പെടുന്ന വിപുലമായ കൃതിയേതാണ്?

ഉ: അഫ്രഹാത്തിന്റെ ലേഖനങ്ങൾ (Demonstrations).

45. ചോ: ആദ്യകാല സുറിയാനി സന്യാസ പാരമ്പര്യത്തെക്കുറിച്ച് അറിവ് തരുന്ന ഏറ്റവും പ്രധാനപ്പെട്ട ഉറവിടങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്നത് അഫ്രഹാത്തിന്റെ ഏതു ലേഖനമാണ്?

ഉ: അഫ്രഹാത്തിന്റെ ആറാമത്തെ ലേഖനം (Demonstrations VI).

46. ചോ: അഫ്രഹാത്തിന്റെ കാലത്ത്, വിവിധ തരത്തിലുള്ള സന്യാസ വ്രതങ്ങൾ സ്വീകരിച്ചിരുന്ന പുരുഷന്മാരും സ്ത്രീകളും ഏതൊക്കെ പേരുകളിൽ അറിയപ്പെട്ടിരുന്നുവെന്നാണ് അഫ്രഹാത്ത് തന്റെ ആറാമത്തെ ലേഖനത്തിൽ (Demonstrations VI) പരാമർശിച്ചിരിക്കുന്നത്?

ഉ: ഈഹീദായെ, ബ്നയ് ക്യാമ, ബ്ത്തൂലെ, ഖാദീശെ തുടങ്ങിയ പേരുകളിൽ.

50. ചോ: ബ്നയ് ക്യാമ എന്ന പദം അക്ഷരാർത്ഥത്തിൽ എന്താണ് സൂചിപ്പിക്കുന്നത്?

ഉ: 'ഉടമ്പടിയുടെ മക്കൾ' എന്ന്.

56. ചോ: ഖാദീശെ എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്താണ്?

ഉ: വിശുദ്ധർ.

60. ചോ: അഫ്രഹാത്തിന്റെ ആദ്യത്തെ ലേഖനത്തിന്റെ (Demonstration) തലക്കെട്ട് എന്താണ്?

ഉ: വിശ്വാസത്തെക്കുറിച്ച്.

61. ചോ: സുറിയാനി സഭാപിതാവായ മാർ അപ്രേം ജനിച്ചത് എവിടെയാണ്?

ഉ: നിസിബിസിൽ.

62. ചോ: ഏത് നൂറ്റാണ്ടിലാണ് സുറിയാനി സഭാപിതാവായ മാർ അപ്രേം ജനിച്ചത്?

ഉ: എ. ഡി. നാലാം നൂറ്റാണ്ടിൽ.

65. ചോ: സുറിയാനി സഭാപിതാവായ മാർ അപ്രേം ഏതു ദൈവശാസ്ത്ര വ്യാഖ്യാന പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു?

ഉ: അന്ത്യോക്യൻ ദൈവശാശാസ്ത്ര വ്യാഖ്യാന പാരമ്പര്യത്തിന്റെ

71. ചോ: സുറിയാനി സഭാപിതാവായ മാർ അപ്രേം സഭയിൽ ഏതു ശുശ്രൂഷയാണ് നിർവഹിച്ചിരുന്നത്?

ഉ: മ്ശംശാനയുടെ ശുശ്രൂഷ.

74. ചോ: ഏതു വേദവിപരീതത്തിനെതിരെയാണ് സുറിയാനി സഭാപിതാവായ മാർ അപ്രേം ഏറ്റവും അധികം എഴുതിയത്?

ഉ: ആര്യൻ വേദവിപരീതത്തിനെതിരെ.

79. ചോ: ഏതു മാർപ്പാപ്പയാണ് സുറിയാനി സഭാപിതാവായ മാർ അപ്രേമിനെ വേദപാരംഗതനായി നാമകരണം ചെയ്തത്?

ഉ: ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ.

80. ചോ: ഏതു ദിവസമാണ് കത്തോലിക്കാ സഭയിൽ സുറിയാനി സഭാപിതാവായ മാർ അപ്രേമിന്റെ തിരുനാൾ ആചരിക്കുന്നത്?

ഉ: ജൂൺ 9-ന്.

82. ചോ: ഏത് നൂറ്റാണ്ടിലാണ് മാർ അപ്രേം ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം (Commentary on Genesis) എഴുതിയത്?

ഉ: നാലാം നൂറ്റാണ്ടിൽ.

86. ചോ: മാർ അപ്രേമിന്റെ കൃതികൾ എങ്ങനെയാണ് സുറിയാനി ക്രൈസ്തവ പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നത്?

ഉ: ദൈവിക രഹസ്യങ്ങളെ കാവ്യാത്മക ഭാഷയിലൂടെ വ്യാഖ്യാനിക്കുന്നതും പ്രകൃതിയും ദൈവിക വെളിപാടും തമ്മിലുള്ള ഐക്യത്തെ അടിവരയിടുന്നതും സുറിയാനി ദൈവശാസ്ത്ര പാരമ്പര്യത്തിന്റെ ഭാഗമാണ്. ഈ രണ്ടു ഘടകങ്ങളും മാർ അപ്രേമിന്റെ കൃതികളിൽ വളരെ പ്രകടമായി കാണാം.

89. ചോ: എന്തുകൊണ്ടാണ് മാർ അപ്രേമിനെ റൂഹാദ് ഖുദ്ശായുടെ കിന്നരം എന്ന് വിശേഷിപ്പിക്കുന്നത്?

ഉ: ദൈവശാസ്ത്രപരമായ കവിതകൾ രചിക്കാനുള്ള വൈദഗ്ധ്യം, ആഴത്തിലുള്ള ആത്മീയ സത്യങ്ങളെ പഠിപ്പിക്കാനായി കീർത്തനങ്ങളെ ഉപയോഗിക്കാനുള്ള മികവ് തുടങ്ങിയ അദ്ദേഹത്തിന്റെ കഴിവുകളെ പരിഗണിച്ചാണ് അദ്ദേഹത്തെ; റൂഹാദ് ഖുദ്ശായുടെ കിന്നരം എന്ന് വിശേഷിപ്പിക്കുന്നത്.

91. ചോ: ഉല്പത്തി 1:1-ലെ ആദിയിൽ എന്ന വാചകത്തെ മാർ അപ്രേം എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: ആദിയിൽ എന്ന വചനം എല്ലാ സൃഷ്ടികളുടെയും തുടക്കമായ നിത്യവചനമായ മിശിഹായിലേക്ക് വിരൽ ചൂണ്ടുന്നതായി മാർ അപ്രേം വീക്ഷിക്കുന്നു..

95. ചോ: നാലാം ദിവസം സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചതിനെക്കുറിച്ച് മാർ അപ്രേം തന്റെ ഉൽപത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) എങ്ങനെയാണ് വിശദീകരിക്കുന്നത്?

ഉ: സൂര്യനെ നീതിസൂര്യനായ മിശിഹായുടെ പ്രതീകമായും ചന്ദ്രനെ മിശിഹായുടെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന സഭയുടെ പ്രതീകമായും മാർ അപ്രേം വ്യാഖ്യാനിക്കുന്നു.

96. ചോ: മാർ അപ്രേമിന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് (Commentary on Genesis) ദൈവത്തിന്റെ പ്രതിച്ഛായയിൽ മനുഷ്യരാശി സൃഷ്ടിക്കപ്പെട്ടതിന്റെ പ്രാധാന്യം എന്താണ്?

ഉ: സ്വതന്ത്ര ഇച്ഛാശക്തി (free will), ധാർമ്മിക ഉത്തരവാദിത്തം (moral responsibility), ദൈവവുമായുള്ള കൂട്ടായ്മ (communion with God) എന്നിവയ്ക്കുള്ള മനുഷ്യരാശിയുടെ കഴിവിനെയാണ് ദൈവത്തിന്റെ പ്രതിച്ഛായയിൽ മനുഷ്യരാശി സൃഷ്ടിപ്പെട്ടത് പ്രതിഫലിപ്പിക്കുന്നതെന്ന് മാർ അപ്രേം അടിവരയിടുന്നു.

99. ചോ: മാർ അപ്രേം തന്റെ ഉൽപത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) ആദം മൃഗങ്ങൾക്ക് പേരിട്ടതിനെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: ആദത്തിന്റെ ഈ പ്രവർത്തിയെ ഒരു കാര്യസ്ഥന്റെ ജോലിയായും സൃഷ്ടിയുടെ മേൽ മനുഷ്യരാശിക്കുള്ള ബൗദ്ധികവും ആത്മീയവുമായ അധികാരത്തിൻ്റെ അടയാളമായും കാണുന്നു.

102. ചോ: മാർ അപ്രേം തന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) ആദിമാതാപിതാക്കളുടെ പതനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് എന്താണ് പറയുന്നത്?

ഉ: മനുഷ്യരാശിക്കും ദൈവത്തിനും ഇടയിലുണ്ടായിരുന്ന ഐക്യത്തിന്റെ തകർച്ച, കഷ്ടപ്പാടുകളുടെയും മരണത്തിന്റെയും ആവിർഭാവം തുടങ്ങിയവയാണ് ആദിമാതാപിതാക്കളുടെ പതനത്തിന്റെ അനന്തരഫലങ്ങൾ എന്നാണ് മാർ അപ്രേം അഭിപ്രായപ്പെടുന്നത്.

104. ചോ: മാർ അപ്രേമിന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് (Commentary on Genesis), ആദത്തിനും ഹവ്വായ്ക്കും നൽകപ്പെട്ട തോൽവസ്ത്രങ്ങളുടെ പ്രാധാന്യം എന്താണ്?

ഉ: മനുഷ്യർ പാപപൂർണരായിരുന്നിട്ടും ദൈവത്തിന് അവരോടുള്ള കരുണയേയും കരുതലിനെയുമാണ് ഈ തോൽവസ്ത്രം സൂചിപ്പിക്കുന്നത് എന്നാണ് മാർ അപ്രേമിന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുടർച്ചയായ രക്ഷാപദ്ധതിയെയുമാണ് ഏദനിൽ നിന്നുള്ള പുറത്താക്കൽ സൂചിപ്പിക്കുന്നത്.

108. ചോ: മാർ അപ്രേമിന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) പറയുന്നതനുസരിച്ച്, ഏഴാം ദിവസത്തെ വിശ്രമത്തിന്റെ ആത്മീയ പ്രാധാന്യം എന്താണ്?

ഉ: മാർ അപ്രേം അതിനെ നിത്യവിശ്രമത്തിന്റെയും ദൈവവുമായുള്ള കൂട്ടായ്മയുടെയും ഒരു മുന്നോടിയായാണ് കാണുന്നത്.

113. ചോ: മാർ അപ്രേമിന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം (Commentary on Genesis) സൃഷ്ടികർമ്മ വിവരണത്തെ എങ്ങനെയാണ് മാമ്മോദീസായുമായി ബന്ധിപ്പിക്കുന്നത്?

ഉ: സൃഷ്ടികർമ്മ വിവരണത്തിലെ ജലത്തെ രണ്ടായി തിരിക്കുന്ന പ്രവർത്തി ശുദ്ധീകരണത്തേയും പുതുജീവനേയും സൂചിപ്പിക്കുന്നതിനാൽ അതിനെ മാമ്മോദീസായുടെ ഒരു മുന്നോടിയായി അവതരിപ്പിച്ച് ഈ രണ്ടു വിഷയങ്ങളെയും മാർ അപ്രേം ബന്ധിപ്പിക്കുന്നു.

115. ചോ: ഉൽപത്തി 3:15-ൽ സൂചിപ്പിക്കുന്ന രക്ഷകനെപ്പറ്റിയുള്ള വാഗ്ദാനത്തെ മാർ അപ്രേം തന്റെ ഉൽപ്പത്തി പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) എങ്ങനെയാണ് പ്രതിപാദിക്കുന്നത്?

ഉ: പാപത്തിനും മരണത്തിനും മേലുള്ള മിശിഹായുടെ വിജയത്തെക്കുറിച്ചുള്ള ആദ്യ പ്രവചനമായിട്ടാണ് മാർ അപ്രേം ഇതിനെ കാണുന്നത്.

117. ചോ: ആദിമാതാപിതാക്കളുടെ പതനത്തിനു ശേഷം അവർ ചെയ്യേണ്ടിവന്ന ജോലിയേയും അധ്വാനത്തേയും എങ്ങനെയാണ് മാർ അപ്രേം തന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ (Commentary on Genesis) വ്യാഖ്യാനിക്കുന്നത്?

ഉ: ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമായുള്ള അച്ചടക്കത്തിനും അതിൽ പങ്കുചേരുന്നതിനുള്ള ഒരു മാർഗവുമായും മാർ അപ്രേം മനുഷ്യന്റെ ജോലിയെ കാണുന്നു.

120. ചോ: മാർ അപ്രേമിന്റെ ഉൽപത്തിപ്പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച് മനുഷ്യരാശിയുടെ ആത്യന്തിക ആത്മീയ ലക്ഷ്യം എന്താണ്?

ഉ: എളിമ, അനുസരണം, ദൈവിക ജീവിതത്തിൽ പങ്കാളിത്തം എന്നിവയിലൂടെ വളർന്ന് ദൈവവുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുക എന്നതാണ് മനുഷ്യരാശിയുടെ ആത്യന്തികമായ ആത്മീയ ലക്ഷ്യം.

121. ചോ: അഫ്രഹാത്തിന്റെ; വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, എന്താണ് വിശ്വാസത്തിന്റെ അടിസ്ഥാനം? വിശ്വാസത്തെ ഒരു കെട്ടിടത്തിന്റെ ഘടനയുമായി എങ്ങനെയാണ് അഫ്രഹാത്ത് ബന്ധപ്പെടുത്തിയിരിക്കുന്നത്?

ഉ: വിശ്വാസത്തിന്റെ അടിസ്ഥാനം നമ്മുടെ കർത്താവായ ഈശോമിശിഹായാണ്; ഈശോയെ അഫ്രഹാത്ത് വിശേഷിപ്പിച്ചിരിക്കുന്നത് യഥാർത്ഥ കല്ല് എന്നാണ്. ഈശോയാകുന്ന അടിത്തറയിൽ

പണിയപ്പെട്ട ഒരു കെട്ടിടം പോലെയാണ് വിശ്വാസം; വിശ്വാസം പൂർണത പ്രാപിക്കണമെങ്കിൽ അത് മിശിഹായിൽ പണിയപ്പെട്ടുകൊണ്ടിരിക്കണം.

122. ചോ: അഫ്രഹാത്തിന്റെ വിശ്വാസത്തെക്കുറിച്ചുള്ള ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നതനുസരിച്ച് ഒരാളുടെ വീടിനെ മിശിഹായുടെ വാസസ്ഥലമാക്കാൻ എന്തൊക്കെ ഗുണങ്ങളും പ്രവൃത്തികളും ആവശ്യമാണ്?

ഉ: പൂർണ്ണമായ ഉപവാസം, പ്രാർത്ഥന, സ്നേഹം, ദാനം, വിനയം, ബ്രഹ്മചര്യം, വിശുദ്ധി, ജ്ഞാനം, ആതിഥ്യമര്യാദ, ലാളിത്യം, സ്ഥിരോത്സാഹം, മിതത്വം, തപസ്സ്, വിശുദ്ധി തുടങ്ങിയ ഗുണങ്ങളും പ്രവൃത്തികളും ആവശ്യമാണ്.

130. ചോ: അഫ്രഹാത്തിന്റെ വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ഈശോ മനുഷ്യവർഗത്തോടുള്ള തന്റെ സ്നേഹം എങ്ങനെയാണ് പ്രവൃത്തികളിലൂടെ പ്രകടമാക്കുന്നത്?

ഉ: രോഗികളെ സുഖപ്പെടുത്തിക്കൊണ്ടും, പാപങ്ങൾ ക്ഷമിച്ചുകൊണ്ടും, വിശക്കുന്നവർക്ക് ഭക്ഷണം നൽകിക്കൊണ്ടും, രക്ഷ പ്രദാനം ചെയ്തുകൊണ്ടും, തന്റെ ജീവത്യാഗത്തിലൂടെ ദൈവവുമായി മനുഷ്യരാശിയെ അനുരഞ്ജനപ്പെടുത്തികൊണ്ടും ഈശോ തന്റെ സ്നേഹം പ്രകടമാക്കുന്നു.

131. ചോ: അഫ്രഹാത്തിന്റെ ഉപവാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതിനപ്പുറം പൂർണ്ണമായ ഉപവാസത്തിന്റെ പ്രാധാന്യം എന്താണ്?

ഉ: പൂർണ്ണമായ ഉപവാസം എന്നത് ദുഷ്പ്രവൃത്തികളിൽ നിന്ന് വിട്ടുനിൽക്കുക, കോപം നിയന്ത്രിക്കുക, വിദ്വേഷകരമായ സംസാരം ഒഴിവാക്കുക, ഹൃദയശുദ്ധി നിലനിർത്തുക എന്നിവയാണ്; അപ്പവും വെള്ളവും ഉപേക്ഷിച്ചുകൊണ്ടുള്ള ഉപവാസത്തേക്കാൾ ഇത്തരത്തിലുള്ള ഉപവാസം മികച്ചതും ദൈവത്തിന് പ്രസാദകരവുമാണ്.

137. ചോ: തന്റെ പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖനത്തിൽ, അഫ്രഹാത്ത് എങ്ങനെയാണ് രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്തായി 18:20) എന്ന ഈശോയുടെ തിരുവചനത്തെ വ്യാഖ്യാനിക്കുന്നത്?

ഉ: ഒരു വ്യക്തി അവന്റെ ആത്മാവിനെ ശുദ്ധീകരിക്കുമ്പോൾ, മിശിഹ അവനിൽ വസിക്കുന്നുവെന്നും, അതേസമയം ദൈവം മിശിഹായിൽ വസിക്കുന്നുവെന്നും, അതുവഴി ആ വ്യക്തിയെ മൂവരിൽ ഒരാളാക്കുന്നുവെന്നും അഫ്രഹാത്ത് വിശദീകരിക്കുന്നു. ശുദ്ധിയുള്ള ഹൃദയത്തോടെ പ്രാർത്ഥിക്കുന്ന ഒരു വ്യക്തിയോടൊപ്പം മിശിഹായ്ക്ക് സന്നിഹിതനായിരിക്കാൻ കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

139. ചോ: "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖന"ത്തിൽ വാക്കാലുള്ള പ്രാർത്ഥനയേക്കാൾ പ്രാധാന്യം എന്തിനാണെന്നാണ് അഫ്രഹാത്ത് സൂചിപ്പിക്കുന്നത്?

ഉ: കാരുണ്യപ്രവൃത്തികൾ, മറ്റുള്ളവരെ ആശ്വസിപ്പിക്കുക തുടങ്ങിയവയിലൂടെ ദൈവഹിതം നിവർത്തിക്കുന്നത് വാക്കുകൊണ്ടുള്ള പ്രാർത്ഥനയേക്കാൾ പ്രാധാന്യമുള്ള പ്രാർത്ഥനാ രീതിയാണെന്ന് അഫ്രഹാത്ത് ഊന്നിപ്പറയുന്നു.

146. ചോ: അഫ്രഹാത്തിന്റെ ഉടമ്പടിയുടെ പുത്രന്മാരെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ഉടമ്പടി ചെയ്യുന്നവർ ജാഗ്രത പാലിക്കുകയും തയ്യാറാകുകയും ചെയ്യേണ്ടത് എന്തുകൊണ്ട്?

ഉ: മണവാളൻ (മ്ശിഹാ) പെട്ടെന്ന് വന്നേക്കാമെന്നതിനാൽ അവർ ജാഗ്രത പാലിക്കുകയും അവനോടൊപ്പം മണവറയിൽ പ്രവേശിക്കാൻ അവർ തയ്യാറായിരിക്കുകയും വേണം. ലേഖനം അനുസരിച്ച്, സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോഴും മ്ശിഹാ വിശ്വാസികളിൽ വസിക്കുന്നത് എങ്ങനെ?

153. ചോ: അഫ്രഹാത്തിന്റെ അനുതാപികളെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, മുറിവേറ്റ ഒരാൾ അവരുടെ പാപങ്ങൾ മറച്ചുവെക്കുന്നതിന് പകരം ഏറ്റുപറയുന്നത് എന്തുകൊണ്ട്?

ഉ: ഒരു വ്യക്തി അവരുടെ മുറിവുകൾ (പാപങ്ങൾ) മറച്ചുവെക്കുകയാണെങ്കിൽ, അവ ചികിത്സിക്കാത്ത ഒരു കുരു (പരു) പോലെ വഷളാകുകയും ആത്മീയ മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

154. ചോ: അനുതാപികളെക്കുറിച്ചുള്ള ലേഖനത്തിൽ, തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് ക്ഷമിക്കപ്പെട്ട ഒരാളുടെ ഉദാഹരണമായി അഫ്രഹാത്ത് ഏത് പഴയനിയമ ചിത്രം പരാമർശിക്കുന്നു?

ഉ: നാഥാൻ പ്രവാചകനോട് പാപം ഏറ്റുപറയുകയും ദൈവത്താൽ ക്ഷമിക്കപ്പെടുകയും ചെയ്ത ദാവീദ്.

155. ചോ: അഫ്രഹാത്തിന്റെ അനുതാപികളെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ഇനി എപ്പോഴാണ് മാനസാന്തരം സാധ്യമാകാത്തത്?

ഉ: മാനസാന്തരം ഈ ലോകത്ത് മാത്രമേ സാധ്യമാകു, കൃപ ഇല്ലാതാകുകയും നീതി അവസാനിക്കുകയും ചെയ്യുമ്പോൾ, മാനസാന്തരം സ്വീകരിക്കപ്പെടുകയില്ല.

156. ചോ: അഫ്രഹാത്തിന്റെ മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ലേഖനം; അനുസരിച്ച്, പുനരുത്ഥാന ദിനത്തിൽ നീതിമാന്റെ ശരീരത്തിന് എന്ത് സംഭവിക്കും?

ഉ: നീതിമാന്മാരുടെ ശരീരം രൂപാന്തരപ്പെടുകയും, ഭൗമിക രൂപം സ്വർഗീയമായതിൽ വിഴുങ്ങപ്പെടുകയും, സ്വർഗീയ ശരീരമായിത്തീരുകയും ചെയ്യും.

159. ചോ: മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ക്രിസ്തീയ വിശ്വാസവുമായി ബന്ധപ്പെടുത്തി അഫ്രഹാത്ത് മ്ശിഹായുടെ പുനരുത്ഥാനത്തെ എങ്ങനെ വ്യാഖ്യാനിക്കുന്നു?

ഉ: മരിച്ചവരുടെ പുനരുത്ഥാനം ഇല്ലെങ്കിൽ മ്ശിഹാ ഉയിർത്തെഴുന്നേറ്റിട്ടില്ലെന്നും മ്ശിഹാ ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ക്രിസ്തീയ വിശ്വാസവും പ്രബോധനവും വ്യർത്ഥമാണെന്നും അഫ്രഹാത്ത് പറയുന്നു.

164. ചോ; വിനയത്തെക്കുറിച്ചുള്ള ലേഖനത്തിൽ ആദവും മ്ശിഹായും തമ്മിൽ വിനയവും ഔന്നത്യവും സംബന്ധിച്ച് എന്ത് വ്യത്യാസമാണ് അഫ്രഹാത്ത് ഉണ്ടാക്കുന്നത്?

ഉ: ആദം തന്നെത്തന്നെ ഉയർത്തുകയും താഴ്ത്തുകയും ചെയ്തു, ശാപത്താൽ മണ്ണിലേക്ക് മടങ്ങി, എന്നാൽ മ്ശിഹാ സ്വയം താഴ്ത്തുകയും അധിക മഹത്വത്തോടെ ഉയർത്തപ്പെടുകയും ചെയ്തു.

166. ചോ: അഫ്രഹാത്തിന്റെ അജപാലകരുടെ ലേഖനം അനുസരിച്ച്, തങ്ങളുടെ അജഗണത്തെ പരിപാലിക്കുന്നതിൽ അജപാലകർ എന്ത് മാതൃകയാണ് പിന്തുടരേണ്ടത്?

ഉ: തന്റെ ആടുകൾക്ക് വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും അവയെ ഉത്സാഹപൂർവം പരിപാലിക്കുകയും ചെയ്ത നല്ല ഇടയന്റെ മാതൃക അജപാലകർ പിന്തുടരണം.

167. ചോ: "അജപാലകരെക്കുറിച്ചുള്ള ലേഖന" ത്തിൽ, മോശയെയും ദാവീദിനെയും പോലുള്ള ബൈബിളിലെ പല നേതാക്കളും ആദ്യം ആടുകളുടെ ഇടയന്മാരായിരുന്നുവെന്ന് അഫ്രഹാത്ത് പറയുന്നത് എന്തുകൊണ്ട്?

ഉ: അവർ ആദ്യം ആടുകളെ മേയിച്ചു, അതിനാൽ ആളുകളെ നയിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് അവർക്ക് ഉത്സാഹവും പരിചരണവും നേതൃത്വവും പഠിക്കാൻ കഴിയും.

169. ചോ. മാർ അഫ്രഹാത്തിന്റെ അജപാലകർക്കുള്ള ലേഖനങ്ങളിൽ ശിമയോൻ പത്രോസിനെക്കുറിച്ചും അജപാലകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പങ്കിനെക്കുറിച്ചും എന്താണ് പറയുന്നത്?

ഉ. മിശിഹാ അദ്ദേഹത്തെ തന്റെ ആടുകളെ മേയ്ക്കാൻ ഏൽപ്പിച്ചു. പത്രോസിന്റെ കാലത്തിനുശേഷം ആ ദൗത്യം മറ്റ് അജപാലകരിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.

170. ചോ. മാർ അഫ്രഹാത്തിന്റെ "അജപാലകർക്കുള്ള ലേഖനത്തിൽ ലൗകികമായ അസ്വസ്ഥതകളെക്കുറിച്ച് എന്ത് മുന്നറിയിപ്പാണ് അജപാലകർക്ക് നൽകുന്നത്?

ഉ. മാർ അഫ്രഹാത്തിന്റെ വീക്ഷണമനുസരിച്ച് അജപാലകർ യാതൊരുവിധ ലൗകിക വ്യാപാരങ്ങളുടെയും പേരിൽ, കച്ചവടമോ കൃഷിയോ എന്തുമാവട്ടെ തങ്ങളുടെ അജഗണങ്ങളെ ഉപേക്ഷിക്കാൻ പാടില്ല. അങ്ങനെ ഉപേക്ഷിച്ചാൽ അവ വളരെ വേഗം ചെന്നായ്ക്കൾക്ക് ഇരയായി മാറും.

176. ചോ. മാർ അഫ്രഹാത്തിന്റെ പെസഹായെക്കുറിച്ചുള്ള ലേഖനത്തിൽ ക്രൈസ്തവ പെസഹയെക്കുറിച്ച് അദ്ദേഹം എന്താണ് പറയുന്നത്?

ഉ. യഹൂദ പെസഹാ ആചരണത്തെ നീക്കിക്കളഞ്ഞ മിശിഹായുടെ ബലിയാണ് അഫ്രഹാത്തിന്റെ അഭിപ്രായത്തിൽ ക്രൈസ്തവരുടെ യഥാർത്ഥ പെസഹാ.

179. ചോ. മാർ അഫ്രഹാത്ത് "പെസഹായെ കുറിച്ചുള്ള ലേഖനത്തിൽ" ഈശോയെയും മോശയെയും എങ്ങനെയാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?

ഉ. മോശ ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്ന് പുറത്തുകൊണ്ടുവരികയും കടൽ പിളർത്തി നയിക്കുകയും ചെയ്തെങ്കിൽ ഈശോ തന്നിൽ വിശ്വസിക്കുന്നവരെ പാപത്തിൽ നിന്ന് വീണ്ടെടുക്കുകയും പാതാളത്തിന്റെ കവാടങ്ങൾ തകർക്കുകയും ചെയ്തു.

181. ചോ: മാർ അഫ്രഹാത്തിന്റെ "സാബത്തിനെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, സാബത്തിന്റെ പ്രാഥമിക ഉദ്ദേശ്യം എന്തായിരുന്നു?

ഉ: സാബത്ത് നൽകപ്പെട്ടത് അധ്വാനത്തിൽ നിന്നുള്ള വിശ്രമത്തിനാണ്, നീതിയുടെയോ രക്ഷയുടെയോ മാർഗമായിട്ടല്ല.

185. ചോ: സാബത്തിനെക്കുറിച്ചുള്ള ലേഖന ത്തിൽ ഏഴാം ദിവസത്തെ ദൈവത്തിന്റെ വിശ്രമം മാർ അഫ്രഹാത്ത് എങ്ങനെ വിശദീകരിക്കുന്നു?

ഉ: ദൈവം വിശ്രമിച്ചത് ക്ഷീണം കൊണ്ടല്ലെന്നും തന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കിയതു കൊണ്ടാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

189. ചോ: "സാബത്തിനെക്കുറിച്ചുള്ള ലേഖന" ത്തിൽ ഭൗതികമായ സാബത്തിനെ യഥാർത്ഥ സാബത്തുമായി മാർ അഫ്രഹാത്ത് എങ്ങനെ വ്യത്യാസപ്പെടുത്തുന്നു?

ഉ: യഥാർത്ഥ സാബത്ത് വിശ്രമം ദൈവഹിതം ചെയ്യുന്നതിലും ദൈവത്തിന്റെ ആത്യന്തികമായ വിശ്രമത്തിലേക്ക് പ്രവേശിക്കുന്നതിലുമാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു.

194. ചോ: മാർ അഫ്രഹാത്തിന്റെ "പ്രബോധനത്തെക്കുറിച്ചുള്ള ലേഖന" ത്തിൽ, അഹങ്കാരത്തെയും അതിന്റെ അനന്തരഫലങ്ങളെയും കുറിച്ച് അദ്ദേഹം എന്താണ് പറയുന്നത്?

ഉ: ആദം, കായേൻ, ഫറവോ, സാവൂൾ എന്നിവരുൾപ്പെടെ അനേകം പേരെ തകർച്ചയിലേക്ക് അഹങ്കാരം നയിച്ചതിന്റെ ബൈബിൾ ഉദാഹരണങ്ങൾ അദ്ദേഹം നൽകുന്നു.

195. ചോ: ദൈവം നീതിയോടെയും കരുണയോടെയും വിധിക്കുന്നുവെന്ന് കാണിക്കാൻ മാർ അഫ്രഹാത്തിന്റെ പ്രബോധനത്തെക്കുറിച്ചുള്ള ലേഖനത്തിൽ ഏത് പഴയനിയമ ഉദാഹരണമാണ് ഉപയോഗിക്കുന്നത്?

ഉ: ദൈവം ദുഷ്ടന്മാരെ നശിപ്പിച്ച് നോഹയെയും കുടുംബത്തെയും സംരക്ഷിച്ച നോഹയുടെ കഥ അദ്ദേഹം ഉദ്ധരിക്കുന്നു.

196. ചോ: മാർ അഫ്രഹാത്തിന്റെ "പ്രബോധനത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, സ്നേഹം കലഹവുമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

ഉ: സ്നേഹം സമാധാനം നൽകുന്നു, തെറ്റുകൾ മറച്ചുവെക്കുന്നു, ആളുകളെ ഒന്നിപ്പിക്കുന്നു, എന്നാൽ കലഹം നാശത്തിലേക്കും വിഭജനത്തിലേക്കും കഷ്ടപ്പാടിലേക്കും നയിക്കുന്നു.

200. ചോ: മാർ അഫ്രഹാത്തിന്റെ പ്രബോധനത്തെക്കുറിച്ചുള്ള ലേഖനം എങ്ങനെയാണ് ഈശോയെ സഭാ നേതാക്കൾക്കുള്ള മാതൃകയെന്ന് വിശേഷിപ്പിക്കുന്നത്?

ഉ: മനുഷ്യരാശിയെ ദൈവവുമായി അനുരഞ്ജിപ്പിക്കുകയും അവന്റെ മാതൃക പിന്തുടരാൻ നേതാക്കളെ വിളിക്കുകയും ചെയ്ത ആത്യന്തിക സമാധാന നിർമ്മാതാവായി അദ്ദേഹം ഈശോയെ അവതരിപ്പിക്കുന്നു.

203. ചോ: മാർ അഫ്രഹാത്തിന്റെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, യഹൂദർ ഒരിക്കൽ ഈജിപ്തിൽ ആരാധിച്ചിരുന്ന മൃഗങ്ങളെ ഭക്ഷിക്കാൻ കൽപ്പിക്കപ്പെട്ടത് എന്തുകൊണ്ട്?

ഉ: വിഗ്രഹാരാധനയിൽ നിന്ന് അവരെ പിന്തിരിപ്പിക്കാനും ഈജിപ്തിലെ ദൈവങ്ങളെ ആരാധിക്കുന്നതിൽ നിന്ന് അവരെ തടയാനും.

206. ചോ: മാർ അഫ്രഹാത്തിന്റെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ലേഖനത്തിൽ മൂശയുടെ നിയമത്തിലെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന് അദ്ദേഹം എന്ത് കാരണമാണ് നൽകുന്നത്?

ഉ: ഈ വേർതിരിവ് നീതിക്ക് വേണ്ടിയല്ല, മറിച്ച് ഇസ്രായേലിനെ വിഗ്രഹാരാധനയിൽ നിന്ന് തടയുന്നതിനാണ്.

207. ചോ: മാർ അഫ്രഹാത്തിന്റെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ബലികളേക്കാൾ മികച്ചതായി സാമുവൽ നിവ്യാ എന്താണ് പറഞ്ഞത്?

ഉ: ഇതാ, അനുസരിക്കുന്നതാണ് ബലികളേക്കാൾ നല്ലത്, മുട്ടാടുകളുടെ മേദസ്സിനേക്കാൾ ഉൽകൃഷ്ടം. (1 സാമു 15:22).

209. ചോ: മാർ അഫ്രഹാത്തിന്റെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, സ്വർണ്ണ കാളക്കുട്ടിയുടെ സംഭവത്തിന് ശേഷം ഇസ്രായേലിന് നൽകിയ കൽപ്പനകളെ ദൈവം എങ്ങനെ വിവരിച്ചു?

ഉ: ദൈവം പറഞ്ഞു അവൻ അവർക്ക് ദോഷകരമായ കൽപ്പനകളും ജീവൻ നേടാനുതകാത്ത ന്യായവിധികളും നൽകി (എസെക്കി. 20:25).

210. ചോ: മാർ അഫ്രഹാത്തിന്റെ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ലേഖനത്തിൽ നിയമത്തിന്റെ ഭാരങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈശോ എന്താണ് വാഗ്ദാനം ചെയ്തത്?

ഉ: ഈശോ പറഞ്ഞു, അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. എന്റെ നുകം നിങ്ങളുടെ മേൽ ഏറ്റെടുക്കുവിൻ, എന്റെ നുകം ഭാരം കുറഞ്ഞതും മധുരവുമാണ് (മത്താ. 11:28-30).

211. ചോ: മാർ അഫ്രഹാത്തിന്റെ ജനത്തിന്റെ സ്ഥാനം കൈയടക്കിയ ജനതകളെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, അബ്രാഹത്തിന് നൽകിയ അനുഗ്രഹങ്ങൾ ആരാണ് അവകാശമാക്കിയത്?

ഉ: അബ്രാഹത്തിന് നൽകിയ അനുഗ്രഹങ്ങൾ സഭയ്ക്ക് അവകാശപ്പെട്ടതാണ്.

224. ചോ: മാർ അഫ്രഹാത്തിന്റെ ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള ലേഖനത്തിൽ, അവൻ എങ്ങനെയാണ് ഈശോയെ ആരാധിക്കുന്നതിനെ പ്രതിരോധിക്കുന്നത്?

ഉ: ദൈവത്തെ ആരിലൂടെയാണോ അറിഞ്ഞത് ആ ഈശോയെ ആരാധിക്കുന്നതാണ് കൂടുതൽ ഉചിതം.

225. ചോ: ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള ലേഖനത്തിൽ മാർ അഫ്രഹാത്ത് എങ്ങനെയാണ് തന്റെ വാദത്തെ പിന്തുണയ്ക്കാൻ ദാനിയേലിന്റെ പ്രവചനം ഉപയോഗിക്കുന്നത്?

ഉ: അവൻ ദാനിയേൽ 9:26-27 പരാമർശിക്കുന്നതിൽ, മ്ശിഹാ വരും, കൊല്ലപ്പെടും, ഓർശ്ലേം നശിപ്പിക്കപ്പെടും, എന്നത് മ്ശിഹാ ഇതിനകം വന്നിരിക്കുന്നു എന്ന് തെളിയിക്കുന്നു.

226. ചോ: മ്ശിഹാ സഹിക്കുമെന്ന് കാണിക്കാൻ ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള ലേഖനത്തിൽ മാർ അഫ്രഹാത്ത് എന്ത് പഴയനിയമ പ്രവചനം ഉദ്ധരിക്കുന്നു?

ഉ: അവൻ ഏശയ്യാ 53:5 ഉദ്ധരിച്ച് പറയുന്നു, "നമ്മുടെ പാപങ്ങൾ നിമിത്തം അവൻ കൊല്ലപ്പെടും; അവൻ നമ്മുടെ അകൃത്യം നിമിത്തം താഴ്ത്തപ്പെടും.

227. ചോ: ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള മാർ അഫ്രഹാത്തിന്റെ ലേഖനം അനുസരിച്ച്, സങ്കീർത്തനം 22:16-19 ഈശോയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ഉ: അവർ എന്റെ കൈകളും കാലുകളും തുളച്ചു എന്ന ഭാഗം അവന്റെ പീഡാനുഭവത്തിൽ പൂർത്തിയാക്കപ്പെട്ട ഈശോയുടെ സ്ലീവാ മരണത്തിന്റെ പ്രവചനമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു.

234. ചോ: യഹുദർക്കെതിരെയുള്ള കന്യകാത്വത്തേയും ഇന്ദ്രിയനിഗ്രഹത്തേയും കുറിച്ചുള്ള മാർ അഫ്രഹാത്തിന്റെ ലേഖനത്തിൽ, വിവാഹത്തേക്കാൾ കന്യകാത്വമാണ് ശ്രേഷ്ഠമെന്ന് അദ്ദേഹം എങ്ങനെ വാദിക്കുന്നു?

ഉ: രണ്ടും നല്ലതാണെങ്കിലും ചില കാര്യങ്ങൾ മറ്റുള്ളവയേക്കാൾ മികച്ചതാണെന്ന് അദ്ദേഹം അതിനെ സൃഷ്ടിയുമായി താരതമ്യപ്പെടുത്തുന്നു; സ്വർഗ്ഗം ഭൂമിയേക്കാൾ മികച്ചതും വെളിച്ചം ഇരുട്ടിനെക്കാൾ മികച്ചതും കന്യകാത്വം വിവാഹത്തേക്കാൾ മികച്ചതുമാണ്.

235. ചോ: യഹൂദർക്കെതിരെയുള്ള കന്യകാത്വത്തേയും ഇന്ദ്രിയനിഗ്രഹത്തേയും കുറിച്ചുള്ള ലേഖനത്തിൽ മാർ അഫ്രഹാത്ത് ഏതെല്ലാം പഴയനിയമ മാതൃകകളാണ് ബ്രഹ്മചര്യത്തിന്റെ ഉദാഹരണങ്ങളായി ഉദ്ധരിക്കുന്നത്?

ഉ: മൂശെ, ജോഷ്വ, ഏലിയാ, ഏലീഷാ, ജെറമിയ എന്നിവർ ബ്രഹ്മചാരികളായി തുടരുകയും ദൈവത്താൽ വളരെയധികം ബഹുമാനിക്കപ്പെടുകയും ചെയ്തവരായി അദ്ദേഹം ഉദ്ധരിക്കുന്നു.

240. ചോ: യഹൂദർക്കെതിരെയുള്ള മാർ അഫ്രഹാത്തിന്റെ കന്യകാത്വത്തേയും ഇന്ദ്രിയനിഗ്രഹത്തേയും കുറിച്ചുള്ള ലേഖനം എങ്ങനെയാണ് ഉപസംഹരിക്കുന്നത്?

ഉ: യഹൂദ വിമർശനങ്ങൾക്കെതിരെ കന്യകാത്വത്തെ പ്രതിരോധിക്കാൻ അദ്ദേഹം ക്രൈസ്തവരെ പ്രേരിപ്പിക്കുന്നു, അതിന്റെ ആത്മീയ ശക്തിയും അത് സ്വർഗത്തിൽ നൽകുന്ന മഹത്തായ പ്രതിഫലവും ഊന്നിപ്പറയുന്നു.

242. ചോ: മാർ അഫ്രഹാത്തിന്റെ  യഹൂദർ ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഉറപ്പാണെന്ന് പറഞ്ഞതിന്റെ പേരിൽ അവർക്കെതിരെയുള്ള ലേഖനത്തിൽ ദൈവം ഇസ്രായേലിനെ രക്ഷിച്ചുവെന്ന് എത്ര പ്രാവശ്യം മാർ അഫ്രഹാത്ത് പറയുന്നു?

ഉ: രണ്ടു പ്രാവശ്യം - ഒരിക്കൽ ഈജിപ്തിൽ നിന്നും ഒരിക്കൽ ബാബിലോണിൽ നിന്നും.

254. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖനത്തിൽ അവസാന വിധിയിൽ ദരിദ്രർക്കുവേണ്ടി നൽകിയവരെ ഈശോ എന്താണ് വിളിക്കുന്നത്?

ഉ: അവന്റെ പിതാവിന്റെ അനുഗ്രഹീതർ.

255. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, ധനികന്റെയും ലാസറിന്റെയും ഉപമയിൽ ധനികൻ ആരെയാണ് പ്രതിനിധീകരിക്കുന്നത്?

ഉ: ഇസ്രായേൽ ജനം.

256. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖനത്തിൽ ദരിദ്രന്റെ (ലാസറിന്റെ) വ്രണങ്ങൾ നക്കുന്ന  നായ്ക്കൾ ആരാണ്?

ഉ: വിജാതീയർ.

257. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, അബ്രാഹവും ധനികനും തമ്മിലുള്ള വലിയ വിടവ്  എന്താണ് കാണിക്കാൻ ഉദ്ദേശിച്ചത്?

ഉ: മരണത്തിനും പുനരുത്ഥാനത്തിനും ശേഷം മാനസാന്തരമില്ല.

258. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖന ത്തിൽ അപരിചിതരോടുള്ള ആതിഥ്യമര്യാദയ്ക്കും പരിചരണത്തിനും മാതൃകയായി മാർ അഫ്രഹാത്ത് അവതരിപ്പിക്കുന്ന പഴയനിയമ ചിത്രം ഏതാണ്?

ഉ: അബ്രാഹം.

259. ചോ: മാർ അഫ്രഹാത്തിന്റെ ദരിദ്രരുടെ സംരക്ഷണയെക്കുറിച്ചുള്ള ലേഖനം അനുസരിച്ച്, നിത്യജീവൻ അവകാശമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എന്തു ചെയ്യണമെന്നാണ് ഈശോ ധനവാനെ ഉപദേശിക്കുന്നത്?

ഉ: തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക.

264. ചോ: മാർ അഫ്രഹാത്തിന്റെ “മതപീഡനത്തെക്കുറിച്ചുള്ള ലേഖനത്തിൽ യൗസേപ്പിന്റെ പീഡനത്തെ ഈശോയുടേതുമായി മാർ അഫ്രഹാത്ത് എങ്ങനെ താരതമ്യം ചെയ്യുന്നു?

ഉ: ഈശോ തന്റെ സഹോദരങ്ങളാൽ പീഡിപ്പിക്കപ്പെടുകയും പിന്നീട് ഉയർത്തപ്പെടുകയും ചെയ്തതുപോലെ, യൗസേപ്പ് തന്റെ സഹോദരന്മാരാൽ പീഡിപ്പിക്കപ്പെടുകയും പിന്നീട് ഉയർത്തപ്പെടുകയും ചെയ്തു.

267. ചോ: മാർ അഫ്രഹാത്തിന്റെ മതപീഡനത്തെക്കുറിച്ചുള്ള ലേഖന”ത്തിൽ, യൗസേപ്പ് ഈജിപ്തിന് നൽകിയതുപോലെ, ഈശോ എല്ലാ ജനതകൾക്കും എന്താണ് നൽകുന്നത്?

ഉ: ജീവന്റെ അപ്പം.

270. ചോ: മാർ അഫ്രഹാത്തിന്റെ മതപീഡനത്തെക്കുറിച്ചുള്ള ലേഖനം” അനുസരിച്ച്, പുതിയ നിയമത്തിലെ ഏത് രക്തസാക്ഷിയെയാണ് മാർ അഫ്രഹാത്ത് “വിശ്വസ്ത സാക്ഷി” എന്ന് വിശേഷിപ്പിക്കുന്നത്?

ഉ: എസ്തപ്പാനോസ്.

272. ചോ: മാർ അഫ്രഹാത്തിന്റെ “മരണത്തെയും അവസാന കാലത്തെയും കുറിച്ചുള ലേഖനത്തിൽ, മരണസമയത്ത് ഒരു വ്യക്തിയുടെ സമ്പത്തിനും സ്വത്തുക്കൾക്കും എന്ത് സംഭവിക്കുമെന്നാണ് മാർ അഫ്രഹാത്ത് പറയുന്നത്?

ഉ: അവ പിന്നിൽ ഉപേക്ഷിക്കപ്പെടും, ആ വ്യക്തിയെ അനുഗമിക്കാൻ കഴിയില്ല.

273. ചോ: മാർ അഫ്രഹാത്തിന്റെ “മരണത്തെയും അവസാന കാലത്തെയും കുറിച്ചുള്ള ലേഖനം” അനുസരിച്ച്, മരണത്തിന്റെ ഉറപ്പ് വ്യക്തമാക്കാൻ മാർ അഫ്രഹാത്ത് എന്ത് ഉദാഹരണമാണ് ഉപയോഗിക്കുന്നത്?

ഉ: തന്നെ എടുത്ത പൊടിയിലേക്ക് മടങ്ങിയ ആദത്തിന്റെ ഉദാഹരണം.

274. ചോ: മാർ അഫ്രഹാത്തിന്റെ "മരണത്തെയും അവസാന കാലത്തെയും കുറിച്ചുള്ള ലേഖന"ത്തിൽ മരണത്തിനുള്ള തയ്യാറെടുപ്പിൽ ജ്ഞാനിയായ വ്യക്തി എന്തുചെയ്യുമെന്നാണ് മാർ അഫ്രഹാത്ത് പറയുന്നത്?

ഉ: മരണശേഷം അവയ്ക്കൊപ്പം പോകാൻ ജ്ഞാനിയായ വ്യക്തി സൽകർമ്മങ്ങൾ ഒരുക്കുന്നു.

283. ചോ: "മുന്തിരിക്കുലയെക്കുറിച്ചുള്ള ലേഖന"ത്തിൽ, ഈശോയുടെ പ്രാർത്ഥനകൾക്ക് പോലും എല്ലായ്പ്പോഴും ഉത്തരം ലഭിച്ചിട്ടില്ലെന്ന് കാണിക്കാൻ മാർ അഫ്രഹാത്ത് എന്ത് ബൈബിൾ ഉദാഹരണമാണ് നൽകുന്നത്?

ഉ: ഈശോയുടെ പീഡാനുഭവസമയത്തെ പ്രാർത്ഥന കേട്ടില്ലെന്ന് മാർ അഫ്രഹാത്ത് പരാമർശിക്കുന്നു, നീതിമാന്മാർ പോലും ചിലപ്പോൾ ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകളെ അഭിമുഖീകരിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

289. ചോ: "മുന്തിരിക്കുലയെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, മൂശയേയും സാമുവലിനെയും പോലുള്ള വലിയ പ്രവാചകന്മാരുടെ പ്രാർത്ഥനകൾ ചിലപ്പോൾ കേൾക്കപ്പെടാത്തത് എന്തുകൊണ്ട്?

ഉ: അവരുടെ ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകൾ ഒരു പാഠമായി വർത്തിച്ചു, നീതിമാന്മാർപോലും ചിലപ്പോൾ തിരുത്താനും ശുദ്ധീകരിക്കാനും വേണ്ടി നിരസിക്കപ്പെടുന്നു..

291. ചോ: മാർ അപ്രേമിന്റെ ഉല്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനം അനുസരിച്ച്, ഒന്നാം ദിവസത്തെ പ്രകാശത്തിന്റെ സൃഷ്ടിയെ അദ്ദേഹം എങ്ങനെ വിവരിക്കുന്നു?

ഉ: സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയ്ക്ക് മുമ്പ് ദൈവം വെളിച്ചം സൃഷ്ടിച്ചത്, ഈ വെളിച്ചം ആകാശഗോളങ്ങളെ ആശ്രയിച്ചല്ല, മറിച്ച് ദൈവത്തിന്റെ കൽപ്പനയെ ആശ്രയിച്ചാണെന്ന് തെളിയിക്കാൻ വേണ്ടിയാണെന്ന് മാർ അപ്രേം വിശദീകരിക്കുന്നു.

293. ചോ: മാർ അപ്രേം ഉല്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ആദത്തിന് സംഭവിച്ച "ഗാഢനിദ്ര" യെ എങ്ങനെ വിശദീകരിക്കുന്നു?

ഉ: ഹവ്വായുടെ സൃഷ്ടി പൂർണ്ണമായും ദൈവത്തിന്റെ പ്രവൃത്തിയാണെന്നും സഭയ്ക്ക് ജീവൻ നൽകുന്നതിനായി മ്ശിഹായുടെ പാർശ്വം കുത്തിത്തുളയ്ക്കപ്പെടുന്നതിനെ മുൻകൂട്ടി സൂചിപ്പിക്കുന്നുവെന്നും പ്രതീകപ്പെടുത്തുന്ന ഒരു ദൈവികരഹസ്യമായി അദ്ദേഹം അതിനെ വ്യാഖ്യാനിക്കുന്നു.

296. ചോ: മാർ അപ്രേമിന്റെ ഉല്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ, നോഹയുടെ നീതി എങ്ങനെ വിവരിച്ചിരിക്കുന്നു?

ഉ: നോഹ തന്റെ തലമുറയുടെ ദുഷ്ടതയിൽ നിന്ന് വേറിട്ടു നിന്നുവെന്നും ദൈവത്തിന്റെ കൽപ്പനകൾ പൂർണ്ണമായും പാലിച്ചുവെന്നും പ്രസ്താവിച്ചുകൊണ്ട് മാർ അപ്രേം നോഹയുടെ അനുസരണത്തെയും വിശ്വാസത്തെയും എടുത്തുകാണിക്കുന്നു..

299. ചോ: മാർ അപ്രേമിന്റെ ഉൽപത്തിയെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ, ഇസ്ഹാക്കിന്റെ ബലിയർപ്പണത്തെ അദ്ദേഹം എങ്ങനെ വിശദീകരിക്കുന്നു?

ഉ: അബ്രാഹത്തിന്റെ വിശ്വാസത്തിന്റെ ഒരു പരീക്ഷണമായും, ദൈവം ഒരു പകരക്കാരനെ നൽകുന്ന മ്ശിഹായുടെ ബലിയർപ്പണത്തിന്റെ ഒരു മുന്നോടിയായിട്ടും അദ്ദേഹം ഇതിനെ കാണുന്നു.

300. ചോ: മാർ അപ്രേമിന്റെ ഉല്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനമനുസരിച്ച്, ഈജിപ്തിൽ യൗസേപ്പിന്റെ സഹോദരന്മാർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിയാഞ്ഞത് എന്തുകൊണ്ട്?

ഉ: ദൈവിക പരിപാലന ഒരു പങ്കു വഹിച്ചതായും, അവരുടെ ധാരണ കുറ്റബോധത്താലും യൗസേപ്പിന്റെ പദവിയിലെ അപ്രതീക്ഷിത പരിവർത്തനത്താലും മൂടപ്പെട്ടതായും അദ്ദേഹം വിശദീകരിക്കുന്നു.